# കേരള സർവകലാശാല

## സംഗ്രഹം

കേരളസർവകലാശാല- അധിവർഷത്തിലുണ്ടായ അധിക ദിവസങ്ങൾ കൂടി പരിഗണിച്ച് സേവനകാല പുനർനിർണ്ണയം-സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്

**ഭരണവിഭാഗം എ ഡി.എ III വകുപ്പ്**

**നം.എ ഡി.എ III/4/സ.ഉ 102/2019** **തിരുവനന്തപുരം, തീയ്യതി: 05.11.2019**

പരാമർശം : 1. ബഹു സുപ്രീംകോടതിയുടെ 26.11.2018-ലെ SLP(C)No.27604/2017-ന്മേലുള്ള വിധിന്യായം

2. ജി.ഒ. സ.ഉ(അച്ചടി)നം.102/2019/ധന തിരുവനന്തപുരം, തീയതി 14.08.2019

## ഉത്തരവ്

ബഹു. സുപ്രീംകോടതിയുടെ 26.11.2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സേവന കാലയളവിനുള്ളിലെ അധിവർഷങ്ങളിലെ അധിക ദിവസങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നിരവധി കേസുകൾ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ബഹു ഹൈക്കോടതിയിലും നിലനിൽക്കുന്നുണ്ട്. കൂടാതെ ഈ വിഷയത്തിൽ ധാരാളം അപേക്ഷകൾ സർക്കാരിലും ലഭ്യമായിട്ടുണ്ട്.

സർക്കാർ മേൽവിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 1-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വിധിന്യായത്തിന്മേലുള്ള നിയമവകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം കണക്കിലെടുത്തുകൊണ്ടും സമാനമായ കേസുകളിൽ സേവനകാലയളവിലെ അധിവർഷത്തിലുണ്ടായ അധികദിനങ്ങൾ കൂടി പരിഗണിച്ച് പരാമർശം 2 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് കേരളസർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് - ചാൻസിലർ ഉത്തരവായിരിക്കുന്നു.

ഒപ്പ്

ദീപ വർമ്മ എ.

ഡെപ്യൂട്ടി രജിസ്ട്രാർ ഭരണവിഭാഗം (I)

(രജിസ്ട്രാർക്കു വേണ്ടി)

പകർപ്പ് :

1. വൈസ് - ചാൻസിലറുടെ പി.എസ്.
2. രജിസ്ട്രാർ /ഫിനാൻസ് ഓഫീസറുടെ പി.എ.
3. ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ )
4. ജോയിന്റ് രജിസ്ട്രാർ (കാര്യവട്ടം)
5. അക്കൗണ്ട്സ് സെക്ഷൻ (VI/VIA/VIB)
6. എ.ആർ/ഡി.ആർ ഓഡിറ്റ്
7. എ.ആർ. ഫിനാൻസ്
8. ഡി. ആർ അക്കൗണ്ട്സ്
9. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

Revathy

സെക്ഷൻ ഓഫീസർ